
അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## SNKUPS

വെമ്പല്ലൂർ, പത്താഴക്കാട്



Scanned with OKEN Scanner

# വിവര സൂചിക


| | | | |
|---|---|---|---|
| 1. | ആമുഖം | | 2 |
| 2. | വിദ്യാലയ വികസന പദ്ധതി പൊതുവിവരങ്ങൾ | | 3 |
| 3. | അക്കാദമിക ചരിത്രം | | 4 |
| 5. | നിലവിലെ അവസ്ഥ | | 5 |
| 6. | പൊതു ലക്ഷ്യങ്ങൾ | | 6 |
| 7. | അക്കാദമിക് പ്ലാൻ | - മലയാളം | 7 |
| 7. | അക്കാദമിക് പ്ലാൻ | - സംസ്കൃതം | 12 |
| 8. | അക്കാദമിക് പ്ലാൻ | - അറബിക് | 13 |
| 9. | അക്കാദമിക് പ്ലാൻ | - ഹിന്ദി | 15 |
| 10. | അക്കാദമിക് പ്ലാൻ | - ഇംഗ്ലീഷ് | 17 |
| 11. | അക്കാദമിക് പ്ലാൻ | - ശാസ്ത്രം | 21 |
| 12. | അക്കാദമിക് പ്ലാൻ | - ഗണിതം | 27 |
| 13. | അക്കാദമിക് പ്ലാൻ | - സാമൂഹ്യ ശാസ്ത്രം | 30 |
| 14. | അക്കാദമിക് പ്ലാൻ | - ജൈവ വൈവിദ്ധ്യം | 34 |
| 15. | അക്കാദമിക് പ്ലാൻ | - ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | 35 |
| 16. | അക്കാദമിക് പ്ലാൻ | - ടാലന്റ് ലാബ് | 36 |
| 17. | അക്കാദമിക് പ്ലാൻ | - ലൈബ്രറി | 37 |




Scanned with OKEN Scanner

## ആമുഖം

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ നെൽപ്പിണി വാർഡ് (നമ്പർ 16)-ലെ 90 വയസ്സ് പൂർത്തിയാവുന്ന വിദ്യാലയ മുത്തശ്ശിയാണ് ശ്രീനാരായണ കടാക്ഷം അപ്പർ പ്രൈമറി സ്കൂൾ. വെമ്പല്ലൂർ എന്ന നാമധേയമുള്ള എസ്.എൻ.കെ.യു.പി. സ്കൂൾ. ഈ വെമ്പല്ലൂർ നിവാസികൾക്ക് വിദ്യ പകരാൻ ദീപസ്തംഭം പോൽ വെളിച്ചം വിതറുന്ന മഹാസ്ഥാപനമായി ഇപ്പോഴും നിലകൊള്ളുന്നു. ഭൗതിക സാഹചര്യത്തിൽ പിന്നോക്കം നിൽക്കുന്നുണ്ടെങ്കിലും അക്കാദമിക കാര്യത്തിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന എസ്.എൻ.കെ.യു.പി. സ്കൂൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾതല സമിതികൾ രൂപീകരിക്കുകയും സൂക്ഷ്മവും വിപുലവുമായ ഒരു അക്കാദമിക് പ്ലാൻ എഴുതി തയ്യാറാക്കുകയും ചെയ്തു. സ്കൂളിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയ ഈ അക്കാദമിക് പ്ലാൻ സമൂഹത്തിനും രക്ഷിതാക്കൾക്കും അധികാരികൾക്കും മുന്നിൽ സാദരം അവതരിപ്പിക്കുന്നു.



Scanned with OKEN Scanner

# പൊതുലക്ഷ്യങ്ങൾ

• പ്രീപ്രൈമറി മുതൽ എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്ന നിർദ്ദിഷ്ട ശേഷികൾ നേടുക.

• ഒന്നാം ക്ലാസ്സ് മുതൽ എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാ വിഷയങ്ങളിൽ വൈവിധ്യ പൂർണ്ണമായ വ്യവഹാര രൂപങ്ങളിലൂടെ ആശയ വിനിമയം സാധ്യമാക്കുക.

• പ്രകൃതി ഒരു പാഠ പുസ്തകം എന്ന രീതിയിൽ ക്ലാസ്സ് അന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഒരുക്കുക.

• പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ആവശ്യമായ പഠനോപകരണങ്ങൾ വിവര വിനിമയ സാങ്കേതിക വിദ്യകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുക.

• എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

• കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ എല്ലാ കുട്ടികൾക്കും അവസരം നൽകും.

• വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക വൈകാരിക സമ്മർദ്ദങ്ങൾ കണ്ടെത്തി മാനസിക വൈകാരിക പിന്തുണ നൽകുകയും പരിഹരിക്കുകയും ചെയ്യും.

• എല്ലാ വിദ്യാർത്ഥികളേയും ഏതെങ്കിലുമൊരു ക്ലബ്ബിൽ അംഗമാക്കുക.

എല്ലാ വിദ്യാർത്ഥികലിലും ഉയർന്ന ഭാഷാശേഷി വികസനം ഉറപ്പാക്കുന്നതിനായി ഗവേണാത്മക മായ പഠനാന്തരീക്ഷം ഒരുക്കുക.

• വായന വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പ്രാദേശിക ലൈബ്രറി എന്നിവ ഉപകാരപ്രദമായി വിനിയോഗിക്കും

• എല്ലാ ക്ലാസ്സിലേക്കും പഠന വിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുന്നതിനുള്ള പഠനോപ കരണങ്ങൾ തയ്യാറാക്കും.

• എല്ലാ കുട്ടികൾക്കും ഗണിത പഠനം ഫലപ്രദമാക്കുന്ന രീതിയിൽ ക്ലാസ്സിലും സ്കൂളിലും ഗണിത പഠനാന്തരീക്ഷം ഒരുക്കുകയും അടിസ്ഥാന ഗമിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുകയും ചെയ്യും.

• സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കും.



Scanned with OKEN Scanner

# അക്കാദമിക് പ്ലാൻ – മലയാളം

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ട്, എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- വായനയിൽ വൈദഗ്ധ്യം നേടുക
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ദിനാചരണം
- എഴുത്തിന്റെ വിവിധ തലങ്ങൾ കണ്ടെത്തുക
- ഇൻലാന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് പരിപോഷിപ്പിക്കുക
- സംവാദം, അഭിമുഖം, സംഘാടനം
- സി.ഡി, ഐ.ടി സാധ്യത സജ്ജീകരിക്കൽ



Scanned with OKEN Scanner

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം
2. അക്ഷരം ഉറപ്പിക്കൽ
3. അടയാളങ്ങൾ ഉറപ്പിക്കൽ
4. അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്
5. ചിത്രം അടിക്കുറിപ്പ്
6. കഥ - ബാക്കിപറയൽ, എഴുതൽ
7. കഥാപുസ്തകം നൽകൽ
8. സി.ഡി.പ്രദർശനം
9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ
10. ക്ലാസ്സ് ലൈബ്രറി രൂപീകരണം
11. സ്കൂൾ ലൈബ്രറി നവീകരണം
12. സമീപ ഗ്രന്ഥശാലാ അംഗത്വം
13. വായനോത്സവം - സംഘാടനം
14. പത്രവായന
15. അമ്മവായന
16. പുസ്കവായന - വായനാക്കുറിപ്പ്
17. വിദ്യാരംഭം, കലാസഹിത്യ വേദി പ്രവർത്തനം
18. ബാലസഭ
19. ദിനാചരണങ്ങൾ
20. ബാലവാണി
21. സംവാദം - അഭിമുഖം
22. ഇ വായന - സാധ്യത
23. വായനക്കൂട്ടം - എഴുത്തുകൂട്ടം, മോണിറ്ററിംഗ്
24. കാവ്യക്കൂട്ടം
25. എഴുത്ത് കൂട്ട രൂപീകരണം
26. ആസ്വാദനക്കുറിപ്പ്
27. വ്യക്തിഗത രചന - സംഘ രചന
28. ഭാഷാ പ്രൊജക്ട്
29. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ
30. സാഹിത്യ - സാംസ്കാരിക ചിത്ര ഗാലറി



Scanned with OKEN Scanner

# അക്കാദമിക് പ്ലാൻ - മലയാളം

| Sl.No | Programme | Activity | Duration | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | മലയാളത്തിളക്കം - പ്രീടെസ്റ്റ് നടത്തുന്നു പിന്നാക്കക്കാരെ കണ്ടെത്തി അക്ഷരം ഉറപ്പിക്കൽ. | 2 മാസം<br>ആഗസ്റ്റ്-സെപ്തംബർ | പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |
| | | ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു. അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് | | | |
| | | വാക്കുകൾ രൂപീകരിക്കുന്നു. വാക്യങ്ങൾ രൂപീകരിക്കുന്നു. | | സി.ഡി | |
| | | ചിത്രം - അടിക്കുറിപ്പ് അധ്യാപികയുടെ സഹായത്തോടെ അടിക്കുറിപ്പ് പറയിപ്പിക്കുന്നു. | | | |
| | | കഥ - ബാക്കി പറയൽ. കഥാ പുസ്തകം നൽകൽ | | സി.ഡി | |
| | | സി.ഡി.പ്രദർശനം | | | |
| | | ഭിന്നശേഷിക്കാരെ പരിഗണിക്കൽ | | | |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ഇതിനായി ഐ.ഇ.ഡി. അധ്യാപകരുടെ സേവനം | 6 മാസം | | |
| | (വായനക്കൂട്ടം) | ക്ലാസ്സ് ലൈബ്രറി- | ക്ലാസ്സ് ലൈബ്രറി | | |
| | | സ്കൂൾ ലൈബ്രറി രൂപീകരണം | സ്കൂൾ ലൈബ്രറി | | |



Scanned with OKEN Scanner

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | കുട്ടികളുടെ സഹായത്തോടെ യു.പി. വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ്സ് ലൈബ്രറി സജ്ജീകരണം. | 6 മാസം | | |
| | | സമീപ ഗ്രന്ഥശാലാ അംഗത്വം പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം, വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുന്നു. പത്രവാർത്ത എഴുതൽ, വായനാനുഭവം പങ്കുവെക്കുന്നു. വായനാക്കുറിപ്പ് എഴുതിക്കുന്നു. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം | | ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | |
| | | സ്വന്തം സൃഷ്ടികൾ ചേർത്ത് മാഗസിൻ ഉണ്ടാക്കുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നു. | | | |
| | | ബാലസഭ | | | |
| | | ദിനാചരണങ്ങൾ<br>ഇതുമായി ബന്ധപ്പെട്ട് മത്സരങ്ങൾ നടത്തുന്നു. സംവാദം, അഭിമുഖം, ഇവക്കുള്ള അവസരം നൽകുന്നു. | | | |
| | | ഇ-വായന സാധ്യത കണ്ടെത്തുന്നു. | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |



Scanned with OKEN Scanner

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം കുട്ടികളെ 5 വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘ രചന, ആസ്വാദനക്കുറിപ്പ് ഓരോ കുട്ടിയും എഴുതണം. കൈമാറി വിലയിരുത്തുന്നു. | 6 മാസം | BRC | |
| | | ഇൻലാന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പ് - പൊതുവേദിയിൽ പ്രകടനം നടത്താൻ അവസരമൊരുക്കുന്നു. (സഭാകമ്പം മാറ്റുന്നു.) | പുസ്തകങ്ങൾ | | |
| | | ഭാഷാ പ്രൊജക്ട്-<br>ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രൊജക്ടുകൾ ചെയ്യുന്നു. | | | |
| | | രചയിതാക്കളെ പരിചയപ്പെടുത്തൽ<br>അസംബ്ലിയിൽ നടത്തുന്നു. ചിത്രം പ്രദർശിപ്പിക്കുന്നു. കുറിപ്പെഴുതിപ്പിക്കുന്നു. ഓരോ മാസവും ചെയ്യുന്നു. | ജീവചരിത്ര പുസ്തകങ്ങൾ | | |
| | | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾക്ക് ബി.ആർ.സി, ഐ.ഇ.ഡി. ടീച്ചേഴ്സ് ഇവർ പ്രവർത്തനങ്ങൾ ചെയ്യുന്നു. സാഹിത്യ - സാംസ്കാരിക ചിത്ര ഗാലറി | B<br><br>ഫോട്ടോ പുസ്തകം | BRC | |

Scanned with OKEN Scanner

# സംസ്കൃതം – ലക്ഷ്യങ്ങൾ

1. സംസ്കൃത ഭാഷാ പഠനത്തിലൂടെ ധാർമ്മികബോധവും സാംസ്കാരിക മുന്നേറ്റത്തിന് പ്രയോജനപ്പെടുന്ന മനോഭാവം വളർത്തുക
2. സംസ്കൃതംലളിതവും മധുരവുമായ വ്യവഹാരിക ഭാഷയാണെന്ന മനോഭാവം വളർത്തുക.
3. ഐ.ടി സാധ്യത പ്രയോജനപ്പെടുത്തി അനന്തമായ വൈറ്ജ്ഞാനിക സമ്പത്ത് മനസ്സിലാക്കുന്നതിനുള്ള മനോഭാവം വളർത്തുക.
4. പ്രകൃതിയേയും ചുറ്റുപാടുമുള്ള ഔഷധ സസ്യസമ്പത്തുക്കളെ തൊട്ടറിയുന്നതിനുള്ള കഴിവും മനോഭാവവും വളർത്തുക.
5. ഈ കാലഘട്ടത്തിലെ സംസ്കൃത പഠനത്തിന്റെ ആവശ്യകതയും സംസ്കൃതഭാഷയുടെ മഹത്വവും സമ്പൂർണ്ണതയും വായനയിലൂടെ മനസ്സിലാക്കുന്നതിനുള്ള മനോഭാവം
6. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
7. സംസ്കൃത കൗൺസിൽ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.
8. CWSN കുട്ടികളുടേയും മുഖ്യ ധാരയിൽ എത്തിക്കുക

## സംസ്കൃതം

| SLNo | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| 1 | • സുഭാഷിത പഠനം<br>• ആലാപന പരിശീലനം<br>• അവതരണം<br>(ആഴ്ചയിൽ ഒരു സുഭാഷിതം വീതം പഠിപ്പിക്കുന്നു. എല്ലാ ദിവസവും ഓരോ കുട്ടികൾ സുഭാഷിതം അർത്ഥസഹിതം മൈക്കിലൂടെ അവതരിപ്പിക്കണം) | | 3,4,5,6,7<br>അധ്യാപകർ | | 1 |
| 2 | • ശില്പശാല<br>• സംസ്കൃത സപ്താഹം (പഠനശിബിരം)<br>• ദൈനംദിന കാര്യങ്ങൾ സംസ്കൃത ഭാഷയിൽ പറയുന്നതിനുള്ള പരിശീലനം<br>• ആചാര ഉപചാര പദങ്ങളുടെ ഉപയോഗ പരിശീലനം | 1 വർഷം | 1 - 7<br>അധ്യാപകർ<br>3,4,5,6,7 | | 2 |
| 3 | • സംസ്കൃത സൈറ്റായ നവവാണി ഉപയോഗിക്കുന്നതിനും, കാര്യങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള പരിശീലനം നൽകുന്നു.<br>• സംസ്കൃതം ടൈപ്പിംഗ്<br>• കളികൾ, സുഭാഷിതം, സമസ്യാപൂരണം | 1 വർഷം | 1 - 7<br>അധ്യാപകർ | | 3, 8 |
| 4 | • അസംബ്ലി കൂടുന്ന ദിവസങ്ങളിൽ നമുക്കുചുറ്റുമുള്ള ഔഷധ ചെടികളുടെ പേര് സംസ്കൃതത്തിൽ(മലയാളത്തിലും) പരിചയപ്പെടുത്തുന്നു. ഔഷധ ഗുണവും പരിചയപ്പെടുത്തുന്നു.<br>• എല്ലാ ആഴ്ചയിലും കൗൺസിൽ കൂടി കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു.<br>• ടി.എൽ.എം. നിർമ്മാണം.<br>• ചുറ്റുപാടുമുള്ള ചെടികളിൽ പേര് സ്ഥാപിക്കുക.<br>• വായനശാല നവീകരണം, 100 സംസ്കൃത പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• സംസ്കൃതവാർത്ത കേൾക്കുവാനുള്ള അവസരം<br>• ക്വിസ് മത്സരം<br>• സംസ്കൃത ദിനാചരണം നടത്തുന്നു.<br>• മഹാത്മാക്കളേയും, കവികളേയും പരിചയപ്പെടുത്തുന്നു.<br>• പ്രീടെസ്റ്റ് നടത്തുന്നു | 5 വർഷം | 1 - 7<br>അധ്യാപകർ | | 4, 5, 6, 7 |



Scanned with OKEN Scanner

## അറബിക്

| Sl.No | ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലാസ്സ് ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബിക് മധുരം ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി | എഴുത്ത്, വായന<br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയൽ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>• അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ്സ് നൽകുക. | 2 മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | BRC<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| 3 | വായനാലോകം, ലക്ഷ്യം<br>• കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരൽ<br>• നല്ല വായനക്കാരനാക്കുക. | 1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>പുസ്തകങ്ങൾ:<br>• ചിത്രകഥ (അറബിക്)<br>• കഥ പുസ്തകം<br>• കുട്ടിക്കവിതകൾ<br>• ചെറിയ വിവരണ ബുക്കുകൾ<br>• അറബിക് ക്വിസ്<br>• ക്ലാസ്സ് വായന<br>ഓരോ അറബിക് പിരീഡിലും ആദ്യ 5 മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തിവെക്കുക.<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക.<br>• കയ്യെഴുത്ത് | 6 മാസം | ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | • അറബിക് അധ്യാപകർ<br>• റിട്ടർച്ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 3 | പദപരിചയം:<br>ലക്ഷ്യം:<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ<br>അറബിക് അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക<br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br>മുകച്ചുനിൽക്കുന്ന വിദ്യാർഥിക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | | |
| 4 | അറബിക് അസംബ്ലി | മാസത്തിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക. | | |
| 5 | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾഡേ/ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കലാപരിപാടികൾ<br>ഉദ്ഘാടനം<br>ആദരിക്കൽ<br>(മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികളെ)<br>അറബിക് എക്സിബിഷൻ | | പൂർവ്വ വിദ്യാർത്ഥികൾ<br>അറബിഭാഷ<br>പഠിതാക്കൾ |
| 6 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക്കിന് പ്രാധാന്യം നൽകികൊണ്ട് വാർത്ത വായന, അറബിക് നാടകം തുടങ്ങിയ ഇനങ്ങളിൽ പ്രക്ടീസ് നൽകി അവതരിപ്പിക്കൽ | | |
| 7 | നല്ല എഴുത്ത് | അറബി ഭാഷയുടെ തനതായ എഴുത്ത് പരിശീലിപ്പിക്കൽ.<br>ഓരോ കുട്ടിക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപികളും | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല ഭാഷാപഠനം  ഉപമേഖല ഹിന്ദി ഭാഷാപഠനം

**ലക്ഷ്യങ്ങൾ:**

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനുമുള്ള കഴിവ്
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കുക.

**പ്രവർത്തനങ്ങൾ:-**

1. എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ്
2. ഹഫ്സ്തേ കാ ശബ്ദ് (ആഴ്ചയുടെ വാക്കുകൾ)
3. ഹിന്ദി ക്ലാസ്സ് ലൈബ്രറി
4. ഹിന്ദി അസംബ്ലി (മാസത്തിൽ ഒന്ന്)
5. മൂല്യ നിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം.
6. ഹിന്ദി നോട്ടുപുസ്തകം സാമഗ്രവും ആകർഷകവുമാക്കുക.
7. ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
8. ഹിന്ദി കയ്യെഴുത്ത് മാസിക തയ്യാറാക്കൽ
9. ദിനാചരണങ്ങൾ ഹിന്ദിയിൽ
10. ഐ.സി.ടി. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല, സാമ്പത്തികം, മോണിറ്ററിംഗ് |
|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്,സ്കൂൾ ക്ലാസ്സ് വിലാസം ഉൾപ്പെടുത്തിയ കാർഡ്( ഹിന്ദി പഠനത്തിന് മാത്രം) | ജൂൺ 2018 | ഹിന്ദി അദ്ധ്യാപകൻ/ സംഭാവന പ്രധാനാധ്യാപകൻ |
| | ഹഫ്സ്തെ കാ ശബ്ദ് ആഴ്ചയിലെ വാക്ക് | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ 2018 | ഹിന്ദി ക്ലബ്ബ് പ്രധാനാധ്യാപകൻ |
| | ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. വാർത്ത, മഹത് വചനങ്ങൾ, ചിന്താവിഷയം മുതലായവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് പ്രധാനാധ്യാപകൻ |



Scanned with OKEN Scanner

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല, സാമ്പത്തികം, മോണിറ്ററിംഗ് |
|---|---|---|---|---|
| | ഹിന്ദി ലൈബ്രറി | ഓരോ ക്ലാസ്സിലും ക്ലാസ് ലൈബ്രറി നിർമ്മാണം. ഓരോ ക്ലാസ്സിന്റേയും നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ 2018 | ഹിന്ദി അധ്യാപകൻ/ ഹിന്ദി ക്ലബ്ബ് സംഭാവനകൾ (അധ്യാപകൻ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ) പ്രധാനാധ്യാപകൻ) |
| | ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ്ബ് രൂപീകരിക്കുന്നു. പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ 2018 മുതൽ | |
| | ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും | ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വെക്കുന്നു. | ജൂൺ 2018 | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് പ്രധാനാധ്യാപകൻ |
| | ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച്കൊണ്ട് നടത്തുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് പ്രധാനാധ്യാപകൻ |
| | ഹിന്ദി പുസ്തകം സമഗ്രവും ആകർഷകവുമാക്കുക. | ഓരോ കുട്ടിയുടേയും ഹിന്ദി നോട്ട് പുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു. രക്ഷിതാക്കളെ സഹായിക്കുവാൻ അറിയിക്കുകയും ചെയ്യുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപകൻ രക്ഷിതാക്കൾ പ്രധാനാധ്യാപകൻ |
| | നിരന്തര മൂല്യ നിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം | നിരന്തര മൂല്യ നിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നൽകി ഓരോ കുട്ടികളുടേയും പഠനപുരോഗതി വിലയിരുത്തി പഠനനേട്ടം നേടിഎന്ന് ഉറപ്പ് വരുത്തുകയും ഇല്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | സെപ്തംബർ 2018 മുതൽ | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് പ്രധാനാധ്യാപകൻ |
| | ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണ ഉപയോഗം | | | |
| | ഹിന്ദി കയ്യെഴുത്ത് മാസിക | ജൂൺമാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉല്പന്നങ്ങൾ ഓരോ മാസത്തിലും ഒരു മികച്ച കയ്യെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു | ജൂൺ മുതൽ ജനുവരി വരെ | ഹിന്ദി അധ്യാപകൻ പ്രധാനാധ്യാപകൻ |

## ലക്ഷ്യങ്ങൾ:–

1. കരിക്കുലം ലഭ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.
2. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടേയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.
3. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നു.
4. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ.സി.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു.
5. ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതുന്നു.
6. കുട്ടികളുടെ സർഗ്ഗവാസന വർദ്ധിക്കുന്നു.
7. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു.
8. CWSN കുട്ടികളെ ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നു.

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കരിക്കുലം ലഭ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു. | 1. പ്രീടെസ്റ്റ് നടത്തുന്നു.<br>2. മികവുകൾ, പരിമിതികൾ കണ്ടെത്തുന്നു.<br>3. പിന്നോക്കക്കാർക്ക് അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>4. വാക്യ നിർമ്മാണം<br>5. ലഘു വിവരണം<br>6. ഐ. സി. ടി. സാധ്യതകൾ<br>7. വർക്ക്ഷീറ്റുകൾ<br>8. യൂണിറ്റ് ടെസ്റ്റുകൾ<br>9. പരിഹാര ബോധന പ്രവർത്തനങ്ങൾ<br>10. ക്ലാസ്സ് പി.ടി.എകൾ<br>11. ടി.എൽ.എം. പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>H.M, S.R.G കൺവീനർ<br>H.M, S.R.G കൺവീനർ<br>ക്ലാസ്സ് ടീച്ചർ | Teachers grant<br>Teachers grant |



Scanned with OKEN Scanner

**മേഖല: അക്കാദമികം** — **ഉപമേഖല: ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റുകൂടാതെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന്. | 1. ICT പരമാവധി പ്രയോജനപ്പെടുത്തുന്നു. | June to March | Class Teacher | |
| | 2. English Assembly | | | |
| | 3. Self Introduction-Class, Assembly. | June to March | Class Teacher | |
| | 4. Role Play-അവസരം ഒരുക്കൽ | | | |
| | 5. Conversation-അവസരം ഒരുക്കൽ. | June to March | English Teacher | |
| | 6. Story Telling-Class, Assembly one by one | | | |
| | 7. Speech- one by one | June to March | English Teacher | |
| | 8. Conversation-Related to text activity | | | |
| | 9. Rhyme | June to March | English Teacher | |
| | 10. Story | | | |
| | 11. Skit | | | |
| | 12. Puzzles | | | |
| | 13. Riddles | | | |
| കുട്ടികളിൽ വായനാശീലം (ഇംഗ്ലീഷ്) വർദ്ധിപ്പിക്കുക | 1. ഉച്ചത്തിൽ പാഠഭാഗം വായിക്കാനുള്ള അവസരം ഉണ്ടാക്കുക. | Every Day | English Teacher | |
| | 2. റീഡിംഗ് കാർഡുകൾ ഉണ്ടാക്കി നൽകൽ | Every Day | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | |
| | 3. വായനാ മത്സരം സംഘടിപ്പിക്കൽ | Monthly | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | Class Teacher, C.PTA |
| | 4. വാർത്താവായന- ക്ലാസ്സിനും, അസംബ്ലി | Every Day | ക്ലാസ്സ് ടീച്ചർ | OSA, PTA, Teachers |
| | 5. ക്ലാസ്സിൽ ഇംഗ്ലീഷ് ലൈബ്രറി ഉണ്ടാക്കൽ | 1 Year Plane | ലൈബ്രറി കൺവീനർ | OSA PTA |
| | 6. സ്കൂളിൽ ഇംഗ്ലീഷ് ബുക്കുകളുടെ നല്ലൊരു ലൈബ്രറി ഉണ്ടാക്കുക. | 5 Year Plane | HM | |
| | 7. എല്ലാ ക്ലാസ്സിലേക്കും ഇംഗ്ലീഷ് പത്രം | | | |
| | 8. ഇംഗ്ലീഷ് ന്യൂസ് പേപ്പർ - ക്വിസ് | Weekly | HM | |
| | 9. ചലഞ്ചിന് ഇംഗ്ലീഷ് ബുക്കുകൾ കൂടുതൽ ഏർപ്പെടുത്തുക. | | | |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പഠനത്തിൽ ഐ. ടി. യുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ താല്പര്യം ഉണ്ടാക്കുന്നതിന് പഠനം കളികളിലൂടെ എന്ന രീതി അവലംബിക്കുന്നു. (Alphathets find the first letter of the familiar words, games, Ryhmes, animation, stories etc.) | Daily | English Teacher | |
| | 2.Animated Videos of units, Video -എന്നിവ കുട്ടികൾക്ക് പ്രദർശനം നൽകുന്നു. | Daily | English Teacher | |
| | 3. ശരിയായ ഉച്ചാരണം ലഭിക്കുന്നതിന് പ്രസംഗം, റോൾ പ്ലേ എന്നിവ കൊടുക്കുന്നു. (Listen) | Daily | English Teacher | |
| | 4. Hello English Class ൽ Role Play, Conversation, Ryhmes, story എന്നിവ കൊടുക്കുന്നു. (Listen) | Daily | English Teacher | |
| | 5. ജീവികളുടെ ശബ്ദങ്ങൾ, താമസ സ്ഥലം, കലാരൂപങ്ങൾ മുതലായവ കുട്ടികൾ നേരിട്ടു കാണാത്തതും കേൾക്കാത്തവയുമായവ കുട്ടികൾക്ക് എത്തിക്കൽ | | | |
| ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതുന്നു | 1. ചിത്രം നിർമ്മിച്ച് ചിത്രത്തിന്റെ പേര് എഴുതുന്നു. | | English Teacher | |
| | 2. ചിത്രത്തിലെ വസ്തുവിനെക്കുറിച്ച് ലഘു വാക്യങ്ങൾ ഉണ്ടാക്കുന്നു. | | English Teacher | |
| | 3. ചിത്രം വിവരണം | | English Teacher | |
| | 4. കഥ പൂർത്തിയാക്കൽ (ചിത്രം) | | English Teacher | |
| | 5. വരികൾ കൂട്ടിച്ചേർക്കൽ | | English Teacher | |
| | 6. പാഠഭാഗങ്ങളിലെ ഓരോ സന്ദർഭങ്ങളും സംഭാഷണം തയ്യാറാക്കിക്കൊടുക്കുന്നു. | | English Teacher | |
| | 7. ഐ.സി.ടി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഓരോ വ്യവഹാരരൂപത്തിനും അവസരങ്ങൾ നൽകുന്നു. | | English Teacher | |
| | 8. വർക്ക്ഷീറ്റുകൾ നൽകി തെറ്റുകൾ കുറക്കുവാൻ സഹായിക്കുന്നു. | | English Teacher | |
| | 9. ഡയറി എഴുതാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. | | | |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗ വാസന വർദ്ധിപ്പിക്കുന്നതിന്. | 1. ഇംഗ്ലീഷ് കവിയരങ്ങ് വായന | Term wise | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | പി.ടി.എ |
| | 2. കവിതാരചന മത്സരം | | | |
| | 3. ഇംഗ്ലീഷ്- കഥയരങ്ങ് | Term wise | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | പി.ടി.എ |
| | 4. കഥാ രചനാ മത്സരം | Term wise | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | പി.ടി.എ |
| | 5. പ്രസംഗ ശൈലി മനസ്സിലാക്കുവാനുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കൽ | | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ | Teachers Grant |
| | 6. ഓരോ ആഴ്ചയിലും ഓരോ ക്ലാസ്സിൽ നിന്നും ഓരോ പതിപ്പ് | | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | | ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നതിന് | ഇംഗ്ലീഷ് ക്ലാസ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | Week wise | English Teacher | Teachers Grant |
| | അസംബ്ലി നടത്തിപ്പ് | Weekly | English Teacher | |
| | ലൈബ്രറി അംഗത്വം | Weekly | English Teacher | |
| | ദിനാചരണം | JUNE | | |
| CWSN കുട്ടികളെ ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിന്. | ICT സാധ്യതകൾ | Daily | | |
| | TLM പരമാവധി പ്രയോജനപ്പെടുത്തുന്നു. | Daily | | |
| | രക്ഷിതാക്കളുടെ സഹായം പ്രയോജനപ്പെടുത്തുന്നു | | | |
| | ബി.ആർ.സി ട്രെയിനേഴ്സ് | ആവശ്യത്തിനനുസരിച്ച് | | |

മേഖല:- ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളിലും ആർജ്ജിക്കുക.
3. ശാസ്ത്രത്തിന്റെഅടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ശാസ്ത്ര ചിന്ത, ശാസ്ത്ര ബോധം, ശാസ്ത്ര നൈപുണ്യംഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനുള്ള മനോഭാവം നേടുക, വളർത്തുക.
6. ശാസ്ത്രപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
7. ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.
8. ശാസ്ത്രപഠനത്തെ മതേതര-ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് അവബോധം വളർത്തുക
9. പാരിസ്ഥിതിക അവബോധം വളർത്തുക.
10. ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കവിവും മനോഭാവവും നേടുക.
11. ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക.
13. ശാസ്ത്ര അധ്യാപക ശാസ്ത്രീകരണം
14. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
15. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുക.
16. ശാസ്ത്രത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
17. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക. ഇതിന് ഉതകുംവിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
18. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
19. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
20. കാർഷിക സംസ്കാരം വളർത്തിയെടുക്കുക.



Scanned with OKEN Scanner

## ഗണിതശാസ്ത്ര പഠനം

### ലക്ഷ്യങ്ങൾ:-

1. ഗണിതശാസ്ത്ര പഠനത്തിന് കുട്ടികളിൽ താല്പര്യം വളർത്തുക
2. 1 മുതൽ 7 വരെയുള്ള എല്ലാ വിദ്യാർത്ഥികളുടേയും ഗണിത ശേഷികളുടെ നിലവിലെ അവസ്ഥ കണ്ടെത്തുന്നതിന്.
3. ഗണിതം ആസ്വാദ്യമാക്കുന്നതിന്
4. അടിസ്ഥാന ഗണിതശേഷികളുടെ പിന്നോക്കാവസ്ഥക്കുള്ള പരിഹാര പ്രവർത്തനങ്ങൾ തയ്യാറാക്കൽ
5. ഗണിത പഠനാന്തരീക്ഷം ക്ലാസ്സുകളിലും സ്കൂളിലും ഒരുക്കുന്നതിന്- ഗണിതാശയങ്ങൾ പ്രായോഗിക അനുഭവങ്ങളിലൂടെ പഠിക്കാൻ അവസരം ഒരുക്കൽ
6. പ്രതിഭാധനരായ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിന്
7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിന്.
8. പഠനിലവാരം മെച്ചപ്പെടുത്താനാവശ്യമായ പഠന സാമഗ്രികൾ ഒരുക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കൽ
9. ഗണിതാധ്യാപക സംഗമം സംഘടിപ്പിക്കൽ.
10. ഗണിത ശാസ്ത്ര ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

### പ്രശ്നങ്ങൾ:-

1. 1-ാം തരം മുതൽ 7-ാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് ഗണിതം പഠിക്കാൻ താല്പര്യക്കുറവ്
2. ഗണിതം ബുദ്ധിമുട്ടാണെന്ന മുൻവിധിയോടെ സമീപിക്കൽ
3. അതാതു ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല.
4. കുട്ടികൾക്ക് അടിസ്ഥാന ഗണിതാശയങ്ങളിൽ ധാരണയില്ല.
5. ഗണിതം പഠനം സ്വാഭാവികമായി നടക്കുന്നതിനുള്ള ഗണിതം പഠനാന്തരീക്ഷം ക്ലാസ്സുകളിൽ ഒരുക്കുന്നില്ല.
6. ഗണിതാശയങ്ങൾ പ്രായോഗിക അനുഭവങ്ങളിലൂടെ പഠിക്കാൻ അവസരങ്ങളില്ല.
7. ഗണിതാശയങ്ങൾ പ്രതിഫലിപ്പിക്കുന്ന പഠന സാമഗ്രികൾ തയ്യാറാക്കാൻ അധ്യാപകർക്ക് കഴിയുന്നില്ല.
8. ഭിന്ന നിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസ്സുകളിലെ അധ്യാപനം.
9. വിനിമയത്തിനുള്ള സമയക്കുറവ്
10. എല്ലാ രക്ഷിതാക്കളും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.

### പരിഹാരബോധനം:-

1. പ്രീടെസ്റ്റ് നടത്തൽ
2. അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
3. ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ
4. ഫലപ്രദമായ പാഠാസൂത്രണവും പഠനോപകരണങ്ങളും തയ്യാറാക്കൽ
5. ഗണിത ക്ലബ്ബ് രൂപീകരണം
6. ഗണിത മാഗസിൻ രൂപീകരണം
7. ഗണിത ലാബ് സജ്ജീകരിക്കൽ
8. ഐ.സി.ടി.അധിഷ്ടിത ക്ലാസ്സുകൾ
9. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ.



Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിത പഠനത്തിന് കുട്ടികളിൽ അഭിരുചി വളർത്തുക - ഗണിത പഠനത്തിന് കുട്ടികളിൽ താല്പര്യം വളർത്തുക | ഗണിതത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക. ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കുക. | മെയ് - ജൂൺ | ഹെഡ്മിസ്ട്രസ്സ്<br>SRG കൺവീനർ<br>ക്ലാസ്സ് ടീച്ചർ | |
| 2. ഗണിതത്തിൽ അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ടതായ ഗണിത ശേഷികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അതാതു ക്ലാസ്സുകളിലെ നിലവാരം പ്രീടെസ്റ്റ് നടത്തി കണ്ടെത്തൽ, മൂല്യനിർണ്ണയം, റിപ്പോർട്ട് തയ്യാറാക്കൽ, എസ്.ആർ.ജിയിൽ അവതരണം, സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചതുഷ്ക്രിയകളും അടിസ്ഥാനാശയങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>വ്യക്തിഗതം - ഗ്രൂപ്പ് പ്രവർത്തനം, വർക്ക് ഷീറ്റുകൾ നൽകൽ, രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഹെഡ്മിസ്ട്രസ്സ്<br>SRG കൺവീനർ<br>ക്ലാസ്സ് ടീച്ചർ | |
| 3. ഗണിതംആസ്വാദ്യകരമാക്കുന്നതിന് | പാഠാസൂത്രണം ഫലപ്രദമായി ചെയ്യുന്നു. നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ചെയ്യൽ. ക്ലാസ്സിലേക്കാവശ്യമായ പഠനോപകരണ നിർമ്മാണങ്ങൾ. ക്ലാസ്സ്തലം - സ്കൂൾ തലം. മെട്രിക് മേളകൾ സംഘടിപ്പിക്കൽ, കുസൃതികണക്കുകൾ, പസിലുകൾ, പഠനോപകരണങ്ങൽ എന്നിവ അസംബ്ലിയിൽ പരിചയപ്പെടുത്തൽ. ഗണിതോത്സവം സംഘടിപ്പിക്കുന്നു. ഗണിത നാടകങ്ങൾ - പാട്ട് - കഥ - മുഴുവൻ കുട്ടികളേയും ഗണിത ക്ലബ്ബിൽ അംഗമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ഹെഡ്മിസ്ട്രസ്സ്<br>SRG കൺവീനർ<br>ക്ലാസ്സ് ടീച്ചർ | |
| 4. ഗണിതപഠനാന്തരീക്ഷം ക്ലാസ്സുകളിലും സ്കൂളിലും ഒരുക്കൽ - ഗണിതാശയങ്ങൾ പ്രായോഗിക അനുഭവങ്ങളിലൂടെ പഠിക്കാൻ അവസരം ഒരുക്കൽ | ഗണിതപഠനാന്തരീക്ഷം ഒരുക്കൽ, ഗണിതലാബ്, ഗണിത പാർക്ക് ഒരുക്കൽ, എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് തയ്യാറാക്കൽ. | 1 വർഷം | | |



Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല: സാമൂഹ്യ ശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. സാമൂഹ്യശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവത്തിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. സാമൂഹ്യ ചിന്ത, ബോധം, വിശകലനശേഷി, എൻക്വയറി സ്കിൽ, ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.
6. സാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
7. സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തുക.
8. പഠനശേഷി വികസിപ്പിക്കുക.
9. സാമൂഹ്യശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
10. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.
11. സാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹ്യ ഇടപെടൽശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
12. സാമൂഹ്യശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
13. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലേക്കെത്തിക്കുക.
14. സാമൂഹ്യശാസ്ത്ര അധ്യാപക ശാക്തീകരണം
15. CWSN സാമൂഹ്യശാസ്ത്ര കുട്ടികളെ നേർധാരയിൽ എത്തിക്കുക.
16. സ്വന്തംജീവിതം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
17. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

1. പത്രവായന-ക്വിസ്
2. ആനുകാലിക പ്രസിദ്ധീകരണങ്ങൾ
3. സമകാലിക സാമൂഹ്യ പ്രശ്നങ്ങളിൽ കുട്ടികളെ ഇടപെടുത്തുന്നതിന് കുട്ടികളെ ഉറപ്പിക്കണം.
4. സ്ത്രീധന-ബോധവൽക്കരണ ക്ലാസ്സ്-സമൂഹം-കുട്ടികൾ-
5. ഇന്ത്യകണ്ട രാഷ്ട്രപതിമാർ- പ്രധാനമന്ത്രിമാർ-മന്ത്രിസഭ

Scanned with OKEN Scanner

## മേഖല: അക്കാദമികം:

## ജൈവ വൈവിദ്ധ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കൽ | വിശ്രമ വേളകളിൽ കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിനായി മരത്തിനു ചുറ്റും ഇരിപ്പിട നിർമ്മാണം. | ദീർഘകാലം | ചുമതലയുള്ള അധ്യാപകർ | എസ്.എസ്.എ |
| | മഴവെള്ളക്കൊയ്ത്ത് | ജൂൺ മുതൽ | പി.ടി.എ | കൃഷിഭവൻ |
| സ്കൂൾ ഒരു പാഠപുസ്തകം | പൂന്തോട്ട നിർമ്മാണം- ചെടിച്ചട്ടി വാങ്ങൽ | | | |
| | ഔഷധസസ്യത്തോട്ടം | | | |
| | ദശപുഷ്പത്തോട്ടം | ദീർഘകാലം | ഒ.എസ്.എ | |
| | തുളസീവനം | | | |
| | പച്ചക്കറിത്തോട്ടം | | | |
| | വേപ്പിൻ തോട്ടം | | | |
| | പാഷൻഫ്രൂട്ട് പന്തൽ | | | |
| | ജൈവ വേലി, ചുറ്റുമതിൽ - പുറം ഭിത്തിയിലും അകം ഭിത്തിയിലും പഠനമൂല്യമുള്ളതാക്കൽ | മാസത്തിലൊന്നു വീതം | ചുമതലയുള്ള അധ്യാപകർ | |

പ്രശ്നം: സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്ക്

ലക്ഷ്യം:

1. പ്രകൃതി പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കുക
2. സ്കൂൾ ഒരു പാഠപുസ്തകം

പ്രവർത്തനങ്ങൾ

* പ്രകൃതി വായന
* മഴവെള്ള സംഭരണം
* പൂച്ചെടികൾ നട്ടുപിടിപ്പിച്ച് പൂക്കളിലേക്ക് ശലഭങ്ങളെ ആകർഷിപ്പിക്കുക - നിരീക്ഷണം
* ഔഷധസസ്യങ്ങളെക്കുറിച്ചുള്ള വിവരണം
* ദശപുഷ്പങ്ങൾ - നിരീക്ഷണം
* ജൈവ പച്ചക്കറി - ഗുണങ്ങൾ
* പാഷൻ ഫ്രൂട്ട് പന്തൽ- ചൂടുകുറക്കുന്നു. ശരീരത്തിനും മനസ്സിനും കുളിർമ- അതിന്റെ പോഷകഗുണം
* പുറംഭിത്തിയിൽ ആലേഖനം



Scanned with OKEN Scanner

## മേഖല:- അക്കാദമികം

## ഉപമേഖല:- ക്ലാസ്സ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള പരസ്പര ബന്ധം ഊട്ടി ഉറപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ മികവ് ഉയർത്തുക | എല്ലാ മാസവും പി.ടി.എ കൂടുക. | ജൂൺ മുതൽ | ഓരോ ക്ലാസ്സ് അധ്യാപകർ | എസ്.എസ്.എ രക്ഷിതാക്കൾ |
| | സി.പി.ടി.എ. പ്രവർത്തനങ്ങൾ ഓരോമാസവും അവലോകനവും ആസൂത്രണവും. | ജൂൺ മുതൽ | | |
| | സ്ഥിരമായി മുടങ്ങുന്നവരെ ഫോണിലൂടെ ബന്ധപ്പെടൽ. | ജൂൺ മുതൽ | | |
| | കോർണർ പി.ടി.എ സംഘടിപ്പിക്കൽ. | ജൂൺ മുതൽ | | |
| | പഠന സമയകാലങ്ങൾ തയ്യാറാക്കി രക്ഷിതാക്കൾക്കു നൽകൽ. | ജൂൺ മുതൽ | | |
| | കുട്ടികളുടെ പഠന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രക്ഷിതാക്കൾക്ക് ഡയറി നൽകൽ. | ജൂൺ മുതൽ | | |
| | കുട്ടികളുടെ ഗൃഹപാഠം സമയം കൃത്യപ്പെടുത്തുന്നതിനായി ഫോൺ വിളികൾ. | ജൂൺ മുതൽ | | |
| | ഗൃഹ സന്ദർശനം. | ജൂൺ മുതൽ | | |
| | റിസോഴ്സുകളെ അഭിമുഖത്തിനായി ഉപയോഗപ്പെടുത്തൽ. | ജൂൺ മുതൽ | | |
| | രക്ഷിതാക്കളിൽ നിന്ന് റിസോഴ്സുകളെ കണ്ടെത്തി ഉപയോഗപ്പെടുത്തൽ. | ജൂൺ മുതൽ | | |

## ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടേയും ഉള്ളിൽ ഒളിഞ്ഞ് കിടക്കുന്ന കഴിവുകളെ കണ്ടെത്തൽ | കുട്ടികളെ കണ്ടെത്തൽ- എല്ലാ കുട്ടികളോടും താല്പര്യമുള്ള ഇനങ്ങൾ ഉണ്ടാക്കുവാൻ ആവശ്യപ്പെടുന്നു. താല്പര്യമുള്ള കുട്ടികളെ കണ്ടെത്താം. അവർക്ക് പ്രത്യേക പരിശീലനം മാസത്തിൽ ഒരു ദിവസം പുറത്തുനിന്ന് വിദഗ്ധരെ കണ്ടെത്തി ക്ലാസ്സ് നൽകുന്നു. | ജൂൺ | എല്ലാ അധ്യാപകരും | എസ്.എസ്.എ മക്കിതാക്കൾ |
| | സ്കൂൾതല കായിക മത്സരങ്ങൾ നടത്തി മികച്ച കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പ്രത്യേക പരിശീലനം നടത്തുന്നു. | ജൂൺ | എല്ലാ അധ്യാപകരും | |
| | കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളിസ്ഥലം ഉണ്ടാക്കൽ, ഉപകരണങ്ങൾ നിർമ്മാണം. | ആഗസ്റ്റ് - സെപ്തംബർ | ബി.ആർ.സി അധ്യാപകർ | |
| | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ് തലത്തിൽ കലാ- കായിക മത്സരങ്ങൾ നടത്തുന്നു. ഉപജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. എത് ഇനത്തിലാണ് കൂടുതൽ മികച്ചത് എന്ന് കണ്ടെത്തി ആ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നു. | ആഗസ്റ്റ് | എല്ലാ അധ്യാപകരും | |
| | മാസത്തിൽ ഒരു ദിവസം ഓരോ ഇനത്തിലും വിദഗ്ധരെ കൊണ്ട് ക്ലാസ്സ് കൊടുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| ഉപകരണങ്ങൾ നിർമ്മാണ വൈദഗ്ധ്യം നേടിയെടുക്കൽ | വെക്കേഷനിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പ്രൈമറി ക്ലാസ്സിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നു. അതിൽ നിന്ന് നന്നായി നിർമ്മിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക കോച്ചിംഗ്. | മെയ് മുതൽ | | അധ്യാപകരും വിദ്യാർത്ഥികളും |
| ഗണിത കിറ്റിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മാണം | പ്രൊട്രാക്ടർ നിർമ്മാണം, വൃത്തങ്ങളെക്കുറിച്ച് അറിയാനും ഫ്രാക്ഷൻ ടിസ്ക് നിർമ്മാണം മാസത്തിൽ ഒരിക്കൽ ഇതിനുള്ള പരിശീലനം. | ജൂൺ മുതൽ | | അധ്യാപകരും വിദ്യാർത്ഥികളും |



Scanned with OKEN Scanner

# ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക | പുസ്തകങ്ങളെ ഇനംതിരിച്ച് തരംതിരിക്കുന്നു. | 2018 ഏപ്രിൽ മെയ് | അധ്യാപകർ | |
| | ഓരോ ക്ലാസ്സിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | 2018 ഏപ്രിൽ മെയ് | അധ്യാപകർ | |
| | പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു. | 2018 ജൂൺ രണ്ടാം ആഴ്ച | ക്ലാസ്സ് അധ്യാപകർ | |
| | ഓരോ ക്ലാസ്സിനും ഒരു നോട്ടുപുസ്തകം വിതരണ രജിസ്റ്ററായി നൽകുന്നു. പുസ്തക വിതരണം ആഴ്ചയിൽ ഒരിക്കൽ. | | | |
| | സ്കൂളിലെ പുസ്തകങ്ങളുടെ പ്രദർശനം - പുസ്തകം പരിചയപ്പെടാനും വായനയുടെ ആസ്വാദനതലം മനസ്സിലാക്കാനും അവസരമൊരുക്കുന്നു. | | | |
| | ഓരോ ക്ലാസ്സിൽ നിന്നും രണ്ട് കുട്ടി ലൈബ്രേറിയൻമാരെ തെരഞ്ഞെടുക്കുന്നു. | 2018 ഏപ്രിൽ മെയ് | | |
| | ചെയ്യേണ്ട പ്രവർത്തനരീതികളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | | | |
| 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തൽ | ക്ലാസ്സ് ലൈബ്രറി സംവിധാനമൊരുക്കുന്നതിന് ഓരോക്ലാസ്സിലും സൗകര്യമൊരുക്കൽ | | | |
| | ജന്മദിന പുസ്തകം- ജന്മദിനത്തിന് ക്ലാസ്സിലേക്ക് ഒരു പുസ്തകം അസംബ്ലിയിൽ വെച്ച് നൽകുക | 2018ജൂൺ | | |

# ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, അഭ്യുദയകാംക്ഷികൾ അവരെ കണ്ടെത്തി പുസ്തകങ്ങൾ ശേഖരിക്കുന്നു. | 2018 ഏപ്രിൽ മെയ് | അധ്യാപകർ<br>അധ്യാപകർ | |
| | ഓരോ ആഴ്ചയിലും മാസങ്ങളിലുമായി ലഭിക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലാസ്സ് ലൈബ്രറിയിലേക്ക് തരം തിരിച്ച് വെക്കുന്നു. | 2018 ജൂൺ | അധ്യാപകർ | |
| | ലൈബ്രറി നവീകരണം ഓരോ ക്ലാസ്സിലും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ലൈബ്രറി സ്ഥാപിക്കുന്നു. | | പി.ടി.എ | |
| | കുട്ടികൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ ഇരുന്നു വായിക്കാനുള്ള സൗകര്യമൊരുക്കുന്നു. | | | |
| | ലൈബ്രറിയുടെ ചുമരുകളെല്ലാം പ്രശസ്ത സാഹിത്യകാരന്മാരുടെ ഫോട്ടോകൾ, കലകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവ കൊണ്ട് അലങ്കരിക്കുന്നു. ചുമരുകളിൽ വായനയുമായി ബന്ധപ്പെട്ട വചനങ്ങൾ എഴുതിവെക്കുന്നു. | | | |
| | വിവിധ വിഷയങ്ങളിൽ നൽകിയ ലിസ്റ്റനുസരിച്ച് ലഭ്യമായ ഫണ്ടുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കുന്നു. | 2018ജൂൺ | | |



Scanned with OKEN Scanner